പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.818 — 28.02.2018 -ലെ മറുപടിയ്ക്ക്

## അപ്നാ ഘർ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ. കുഞ്ഞിരാമൻ<br>ശ്രീ.എം. നൗഷാദ്<br>ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ താമസ സൗകര്യം ഒരുക്കുന്നതിന് 'അപ്നാ ഘർ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ ആദ്യ പ്രോജക്ട് പ്രവർത്തന സജ്ജമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി)ഈ സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. 640 ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഇവിടെ താമസസൗകര്യം ലഭ്യമാണ്. തൊഴിലാളികൾക്ക് ഹോസ്റ്റൽ അനുവദിച്ച് നൽകുന്നതിനും ഹോസ്റ്റൽ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനുമായുള്ള അനുബന്ധ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (സി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളതെന്നും കൂടുതൽ ജില്ലകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ? | (സി) നിലവിൽ പാലക്കാട് ജില്ലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൂടി പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

Sreekala

സെക്ഷൻ ഓഫീസർ